**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 541
**10.03.2015 - ലെ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) നടപ്പ സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പ്രതീക്ഷിത നികുതി വരുമാനം എത്രയായിരുന്നു; | കേന്ദ്ര നികുതിയിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന വിഹിതം ഉൾപ്പെടെ ആകെ 51832.85 കോടി രൂപയാണ് 2014-15 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി വരുമാനം. |
| (ബി) നികുതി വരുമാനത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | 2014-15 ലെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന സർക്കാരിനു ലഭിക്കേണ്ടുന്ന കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാകുമെന്നു കാണുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |
| (സി) പദ്ധതിച്ചെലവിനത്തിൽ നടപ്പ സാമ്പത്തിക വർഷം ലക്ഷ്യം കൈവരിക്കുവാൻ കഴിയുമോ? | സംസ്ഥാനത്തിന്റെ ശേഷിക്കുന്ന കടമെടുപ്പ് പരിധിയിൽ നിന്നു കൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനം കൊണ്ടും നടപ്പ സാമ്പത്തിക വർഷം പദ്ധതി ചെലവിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**